# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2109** **01.02.2018-ൽ മറുപടിക്ക്**

## ആർ.സി.സി യുടെ പ്രവർത്തനം

**ചോദ്യം** **മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ** **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ആർ.സി.സി യിൽ നിലവിൽ എത്ര ക്യാൻസർ രോഗികൾക്ക് ചികിത്സ നൽകുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | എ) | മുൻ വർഷങ്ങളിൽ രജിസ്റ്റർ ചെയ്യുതും നിലവിൽ തുടർ ചികിത്സ നൽകിവരുന്നതും, ഈ വർഷം പുതുതായി ചികിത്സയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുമുള്ള രോഗികൾ ഉൾപ്പെടെ 2,50,526 പേർക്ക് ചികിത്സ നൽകിയിട്ടുണ്ട്. |
| ബി) | പ്രതിവർഷം പുതിയതായി എത്ര രോഗികൾ ഇവിടെ എത്തിച്ചേരുന്നു എന്ന് വ്യക്തമാക്കുമോ; | ബി) | 2016-17 വർഷം 16,255 രോഗികൾ ആർ.സി.സിയിൽ പുതുതായി ചികിത്സയ്ക്ക് എത്തിയിട്ടുണ്ട്. |
| സി) | ക്യാൻസർ രജിസ്ട്രി തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായോ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | സി) | സംസ്ഥാനം ഒട്ടാകെയുള്ള ക്യാൻസർ രജിസ്ട്രി രൂപീകരിക്കുക എന്നത് കേരള ക്യാൻസർ കെയർ ഗ്രിഡിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. അർബുദരോഗികളുടെ എണ്ണം മരണനിരക്ക്, അനുബന്ധ വിവരങ്ങൾ എന്നിവ ലഭിക്കാൻ ഈ നിർബന്ധിത റിപ്പോർട്ടിംഗ് സഹായകമാകും.<br>സംസ്ഥാനവ്യാപകമായ ക്യാൻസർ രജിസ്ട്രി സ്ഥാപിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ആരോഗ്യരംഗത്തെ അധികൃതർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ലോകാരോഗ്യ സംഘടനയുടെ സഹകരണത്തോടെ കേരള ഗവൺമെന്റ് 2017 നവംബർ 27-ാം തീയതി ഒരു യോഗം നടത്തുകയുണ്ടായി. ഈ യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ചർച്ചചെയ്തു.<br>• ക്യാൻസർ ചികിത്സ നടത്തുന്ന ആശുപത്രികളിൽ ഒരു ആശുപത്രികളിൽ ഒരു ആശുപത്രി അധിഷ്ഠിത ക്യാൻസർ രജിസ്ട്രി സ്ഥാപിച്ചാൽ രോഗാവസ്ഥ, ചികിത്സ അതിജീവനം എന്നിവയെക്കുറിച്ച് വിവരങ്ങൾ ലഭ്യമാകുന്നതാണ്.<br>• ഓരോ ക്യാൻസർ ആശുപത്രിയിലും ഒരു Hospital Based Cancer Registry (HBCR) സജ്ജീകരിക്കേണ്ടതാണ്. സഹകാരികളായ സ്ഥാപനങ്ങളിൽ ലഭ്യമായ പശ്ചാത്തല സൗകര്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും HBCR സജ്ജീകരിക്കുന്നതിനുള്ള പശ്ചാത്തല |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ നിർണ്ണയിക്കുന്നത്.<br>• നിശ്ചിത രൂപത്തിലുള്ള ഒരേ തരം ഫോറമായിരിക്കും ക്യാൻസർ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താൻ ഉപയോഗിക്കുക. ഇത് കമ്പ്യൂട്ടറിലേക്ക് മാറ്റുന്നതാണ്.<br>• ക്യാൻസർ രോഗം സ്ഥിരീകരിച്ചുകൊണ്ടുള്ള ബയോപ്സി റിപ്പോർട്ട് ഇല്ലെങ്കിലും, ആദ്യമായി ക്യാൻസർ ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ വിവരങ്ങൾ HBCR ൽ രേഖപ്പെടുത്തേണ്ടതാണ്.<br>• പങ്കാളിത്തമുള്ള സ്ഥാപനങ്ങളിലെ വിവരങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതാണ്.<br>• വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള വിവരങ്ങൾ ക്രോഡീകരിച്ച് ഓരോ പ്രദേശത്തുമുള്ള ക്യാൻസർ പാറ്റേൺ വിലയിരുത്താൻ കഴിയുന്നതാണ്. ഇങ്ങനെ ലഭ്യമാകുന്ന വിവരങ്ങൾ സ്റ്റേറ്റ് ക്യാൻസർ രജിസ്ട്രിയ്ക്ക് കൈമാറണം.<br>• ഇത് അപഗ്രഥിച്ച് നൂതന വിജ്ഞാനം സൃഷ്ടിക്കാൻ കഴിയും.<br>• ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ക്യാൻസർ രജിസ്ട്രി, ആശുപത്രി അധിഷ്ഠിത ക്യാൻസർ രജിസ്ട്രിയ്ക്കുവേണ്ടി ഒരു സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ ആശുപത്രികളിൽ നിന്ന് ഏകീകൃത മാതൃകയിൽ ക്യാൻസർ സംബന്ധിച്ച വിവരങ്ങൾ ശേഖരണം നടത്തുവാൻ ഇതു പ്രയോജനപ്പെടും.<br>സ.ഉ. (എം.എസ്) 173/2017/H&FWD തീയ്യതി 05/12/2017 പ്രകാരം കേരള ക്യാൻസർ കെയർ ഗ്രിഡിന് (KCCG) രൂപം നൽകിയിട്ടുണ്ട്. കേരളത്തിലെ ക്യാൻസർ സംബന്ധമായ വിവരങ്ങൾ സ്റ്റേറ്റ് ക്യാൻസർ രജിസ്ട്രി മുഖേന നൽകുകയെന്നത് കേരള ക്യാൻസർ കെയർ ഗ്രിഡിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. |

**സെക്ഷൻ ഓഫീസർ**